LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 15-1-2014-ലെ സ.ഉ (എംഎസ്.) 475/14/റവ. നമ്പർ ഉത്തരവ് പ്രകാരം 'പുഴ മുതൽ പുഴ വരെ' എന്ന പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പ് ലാന്റ് റവന്യൂ കമ്മീഷണർ മുഖേന ആയിരിക്കുന്നതാണ്.

(ബി) പഠനം നടത്തിയിട്ടില്ല.

(സി) പുഴയുടെ ജൈവ ഘടനയും ആവാസ വ്യവസ്ഥയും അനുയോജ്യമായ തരത്തിൽ പുഴ തീരങ്ങൾ സംരക്ഷിക്കുകയെന്നതാണ് 'പുഴ മുതൽ പുഴ വരെ' എന്ന മാതൃകാ പദ്ധതി വിഭാവനം ചെയ്യുന്നത്. ആയതിന്റെ ആദ്യ ഘട്ടമാണ് ഭാരതപ്പുഴ, അച്ചൻകോവിലാർ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നത്.

ഐ.എച്ച്.ആർ.ഡി. കോളേജിനായി പി.ഐ.പി.- യുടെ ഉടമസ്ഥതയിലുള്ള അയിരൂർ വില്ലേജിലെ ഭൂമി കൈമാറ്റം

101(4732) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയിരൂരിലെ നിർദ്ദിഷ്ട ഐ.എച്ച്.ആർ.ഡി. കോളേജിനായി പി.ഐ.പി.-യുടെ ഉടമസ്ഥതയിലുള്ള അയിരൂർ വില്ലേജിലെ ഭൂമി കൈമാറുന്നതു സംബന്ധിച്ച് ഫയൽ എന്നാണ് റവന്യൂ വകുപ്പിൽ എത്തിയിട്ടുള്ളത്; ഈ ഫയലിൻമേൽ, സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും റവന്യൂ വകുപ്പിലെ വിവിധ ഓഫീസുകളിൽ ഏതൊക്കെ തീയതികളിലായി ഇതു സംബന്ധിച്ച ഫയൽ എത്തിയിട്ടുണ്ട് എന്നും ഓരോ ഓഫീസിലും എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നും ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) ഇപ്പോൾ പ്രസ്തുത ഫയൽ ആരുടെ പക്കലാണ് ഉള്ളതെന്നും എന്നു മുതലാണ് ഫയൽ ഈ ഓഫീസിലുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഭൂമി കൈമാറ്റം സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ റവന്യൂ സെക്രട്ടറി പത്തനംതിട്ട ജില്ലാ കളക്ടർക്ക് എന്നാണ് കത്തു നൽകിയത്; കളക്ടർ ഇതിന് മറുപടി നൽകിയോ; നൽകിയെങ്കിൽ എന്നാണ് കത്ത് നൽകിയത്; ആർക്കാണ് കത്ത് നൽകിയത്; കത്തിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഡി) ഭൂമി കൈമാറ്റം സംബന്ധിച്ച് റവന്യൂ സെക്രട്ടറിക്ക് റിപ്പോർട്ട് നൽകേണ്ടതിനു പകരം ഐ.എച്ച്.ആർ.ഡി. ഡയറക്ടർക്ക് ഭൂമി ഏറ്റെടുക്കാൻ സമ്മതമാണോ എന്നു ചോദിച്ച് കത്ത് പോയിട്ടുണ്ടോ; ആരുടെ പേരിലാണ് ഇത്തരത്തിൽ കത്തയച്ചിരിക്കുന്നത്; ഇത്തരത്തിൽ കത്തയച്ചത് ആര്; ഇതിനിടയാക്കിയ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) ഇപ്പോൾ ഇതു സംബന്ധിച്ച ഫയൽ ആരുടെ കൈവശമാണ് ; ഭൂമി സംബന്ധിച്ച റിപ്പോർട്ട് റവന്യൂ സെക്രട്ടറിക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; അടിയന്തരമായി റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കാനും അധികാര ദുർവിനിയോഗം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) അയിരൂരിൽ IHRD കോളേജിനായി PIP-യുടെ ഉടമസ്ഥതയിലുള്ള സ്ഥലം കൈമാറുന്നത് സംബന്ധിച്ച ഫയൽ ജലവിഭവ (ഐ.ആർ.) വകുപ്പിൽ നിന്നും 7-3-2013-ൽ റവന്യൂ (എ) വകുപ്പിൽ ലഭിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച ഭൂമി കൈമാറ്റ ശുപാർശ ലഭ്യമാക്കുന്നതിലേക്കായി ഫയലിനോടൊപ്പം ലഭിച്ച ചീഫ് എഞ്ചിനീയറുടെ (പദ്ധതി വിഭാഗം)17-10-2012-ലെ പി.ജി 2/4140/12-ാം നമ്പർ കത്തും അനുബന്ധ രേഖകളും സഹിതം 19-7-2013-ലെ 13019/എ 1/2013/ റവ നമ്പർ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തരം റിപ്പോർട്ടിനായി പത്തനംതിട്ട ജില്ലാകളക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. കൈമാറേണ്ട സ്ഥലത്തിന്റെ മഹസർ, ബി.ടി.ആർ.-ന്റെ പകർപ്പ്, സ്കെച്ച് മുതലായ രേഖകൾ സഹിതം പത്തനംതിട്ട ജില്ലാ കളക്ടർ, ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന, ഉചിതമായ ശുപാർശയോടെ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്കാണ് സർക്കാർ ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നത്. പ്രസ്തുത റിപ്പോർട്ട് ഇതുവരേയും സർക്കാരിന് ലഭിച്ചിട്ടില്ല. ഈ വിഷയം പരിശോധിക്കുന്ന 13019/എ 1/2013 റവ നമ്പർ ഫയൽ 7-3-2013 മുതൽ റവന്യൂ (എ) വകുപ്പിലെ 'എ I' സീറ്റിൽ കൈകാര്യം ചെയ്തു വരുന്നു.

(ഡി&ഇ) വിവരം ശേഖരിച്ചു വരുന്നു.

നിലം നികത്തലും മണലെടുപ്പും തടയുന്നതിന്

102 (4733) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ നിലം നികത്തലും മണലെടുപ്പും തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly